ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രസിഡൻ്റ് അനുര കുമാര ദിസനായകെയും തമ്മിൽ ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി, ഇരു രാജ്യങ്ങളും വിവിധ കരാറുകളിൽ ധാരണയായി .

   **Prime Minister Narendra Modi and Sri Lankan President Anura Kumara Dissanayake held bilateral talks in New Delhi; both countries signed various agreements.**

2. ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് രണ്ട് ദിവസത്തെ പ്രത്യേക ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. ചർച്ച നാളെയും തുടരും.

   **A two-day special discussion on the 75th anniversary of the adoption of the Constitution is underway in the Rajya Sabha. The discussion will continue tomorrow also.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാൻ സന്ദർശിക്കും, 46,300 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കും

   **Prime Minister Narendra Modi will visit Rajasthan tomorrow; he will inaugurate various projects worth Rs 46,300 crore.**

4. കേരളത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏകോപനത്തിനും അതിദാരിദ്ര്യ നിർമ്മാജന പ്രവർത്തനം ഊർജിതപ്പെടുത്താനുമുള്ള ക്യാമ്പയിനുകൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൻ്റെ പൂർണപിന്തുണ

**The all-party meeting chaired by Chief Minister Pinarayi Vijayan fully supports the campaigns to coordinate palliative care and intensify extreme poverty eradication activities in Kerala.**

5. ബോർഡർ ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച, മൂന്നാം ദിനത്തിൽ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 51 റൺസ് എന്ന നിലയിൽ

**In the first innings of the third cricket test match of the Border-Gavaskar series, India in batting collapse. India scored 51 runs in 4 wicket loss**

&&&&&&&&&&&&&&&&&&

## DAY PREZ SRI LANKA - INDIA

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രസിഡൻ്റ് അനുര കുമാര ദിസനായകെയും തമ്മിൽ ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. ചർച്ചകൾക്ക് ശേഷം ഇരട്ട നികുതി ഒഴിവാക്കുന്നതിനും സാമ്പത്തിക തട്ടിപ്പ് തടയുന്നതിനുമുള്ള കരാറുകൾ ഇന്ത്യയും ശ്രീലങ്കയും കൈമാറി. ജാഫ്ന സർവകലാശാലയിലെയും ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിലെയും 100 പുതിയ

വിദ്യാർത്ഥികൾക്കായി പ്രതിവർഷ സാമ്പത്തിക സഹായ പദ്ധതിയും പ്രഖ്യാപിച്ചു.

ദിസനായകെയുടെ സന്ദർശനത്തിൽ സന്തോഷം പ്രകടിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ടൂറിസമടക്കമുള്ള മേഖലകളിലെ പുരോഗതിയും ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

നേതൃ തലത്തിലും മന്ത്രിതലത്തിലും രാഷ്ട്രീയ ഇടപെടലുകൾ കൂടുതൽ ശക്തമാക്കാൻ ഇരു നേതാക്കളും തമ്മിൽ ധാരണയായി .

&&&&&&&&&&&&&&&&&&

## VP-SRI LANKA PREZ

ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായക ഉപരാഷ്ട്രപതി ജഗദീപ് ധൻകറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി. ചരിത്രം , സൗഹൃദം,സംസ്കാരം എന്നിവയിൽ അധിഷ്ഠിതമായ ഇന്ത്യ - ശ്രീലങ്ക ബഹുമുഖ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുനേതാക്കളും ചർച്ച നടത്തി .

&&&&&&&&&&&&&&&&&&

## RS - CONSTITUTION

ഇന്ത്യൻ ഭരണഘടനയുടെ 75-ാാം വാർഷികത്തോടനുബന്ധിച്ചുള്ള രണ്ടു ദിവസത്തെ പ്രത്യേക ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ്റെ നേതൃത്വത്തിൽ അഭിപ്രായ സ്വാതന്ത്ര്യം, ഭരണഘടനയുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളോടെയാണ് ചർച്ച ആരംഭിച്ചത്. ഭൂരിപക്ഷമുണ്ടായിരുന്ന സമയത്തു പോലും കോൺഗ്രസ് കൊണ്ടുവരാതിരുന്ന വനിതാ സംവരണ ബിൽ നരേന്ദ്രമോദിയുടെ സർക്കാരാണ് പാസാക്കിയതെന്ന് മന്ത്രി പറഞ്ഞു. ഭരണഘടനാ അസംബ്ലിയിൽ അംഗങ്ങളായിരുന്ന 15 വനിതകൾക്ക് കേന്ദ്രമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

ഹോൾഡ് വോയിസ്

അതേസമയം കേന്ദ്രസർക്കാർ ഭരണഘടനയെ ദുർബലമാക്കുകയാണെന്ന് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## PM Rajastan Visit

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നാളെ രാജസ്ഥാൻ സന്ദർശിക്കും. രാജസ്ഥാൻ സംസ്ഥാന ഗവണ്മെൻ്റ് ഒരു

വർഷം പൂർത്തിയാക്കുന്ന 'ഏക് വർഷ്-പരിണാമം ഉത്കർഷ്' പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. പരിപാടിയിൽ രാജസ്ഥാനിലെ ജയ്പൂരിൽ ഊർജം, റോഡ്, റെയിൽവേ, ജലം എന്നിവയുമായി ബന്ധപ്പെട്ട 46,300 കോടി രൂപയുടെ 24 പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. 11,000 കോടിയിലധികം രൂപയുടെ ഒമ്പതു പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, 35,300 കോടിയിലധികം രൂപയുടെ 15 പദ്ധതികൾക്ക് തറക്കല്ലിടും.

&&&&&&&&&&&&&&&&&&

## PM – National Conference

ജനകീയ പങ്കാളിത്തം ഉറപ്പാക്കി സംസ്ഥാനങ്ങൾ ഭരണ മാതൃക പരിഷ്ക്കരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചെറുനഗരങ്ങളിൽ സംരംഭകത്തിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് മുൻകൈയെടുക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## PREZ-ARMENIA DELEGATION

നാഷണൽ അസംബ്ലി ഓഫ് അർമേനിയയുടെ അധ്യക്ഷൻ അലൻ സിമോണിയന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി പ്രതിനിധി സംഘം ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. ആഗോള ബഹുമുഖ വേദികളിൽ ഇന്ത്യയും അർമേനിയയും തമ്മിൽ അടുത്ത സഹകരണമാണുള്ളതെന്ന് രാഷ്ട്രപതി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടെയിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക ബന്ധത്തെ രാഷ്ട്രപതി അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## ALL PARTY MEETING

അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്തം നവകേരളം, പാലിയേറ്റീവ് പരിചരണം എന്നീ ക്യാമ്പയിനുകൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൻ്റെ പൂർണപിന്തുണ. തദ്ദേശസ്വയംഭരണതലത്തിൽ നടത്തുന്ന പരിപാടികൾക്ക് എല്ലാവരുടെയും സഹകരണം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. മതസംഘടനകൾ ഉൾപ്പെടെ എല്ലാ സംഘടനകളെയും പരിപാടിയുമായി സഹകരിപ്പിക്കുമെന്നും പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ രാഷ്ട്രീയ - ബഹുജന പങ്കാളിത്തം അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സമഗ്രകാഴ്ചപ്പാടോടെ രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനങ്ങളും ക്യാമ്പയിനുമായി സഹകരിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## LS- PLFS

രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. 2023-24 കാലയളവിൽ 15 നും 29 നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കളുടെ തൊഴിലാളി ജനസംഖ്യാ അനുപാതം 41.7 ശതമാനമായതായി അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. 2020-21 കാലയളവിൽ അനുപാതം 36.1 ശതമാനമായിരുന്നെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LS- RIVER POLLUTION

രാജ്യത്ത് മലിനീകരണത്തിന് ഇടയാക്കുന്ന 3500ൽ അധികം വ്യവസായങ്ങളെ വിവിധ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളും സമിതികളും കണ്ടെത്തിയതായി കേന്ദ്രസർക്കാർ. പാരിസ്ഥിതിക മാനദണ്ഡങ്ങൾ ലംഘിച്ച് പ്രവർത്തിച്ച നിരവധി സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ ഉൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചതായി കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ലോക്സഭയിൽ പറഞ്ഞു. രാജ്യത്തെ നദികളിലെ ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിന്

പ്രത്യേക സംവിധാനം വികസിപ്പിച്ചെടുത്തതായി കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LS- MATERNITY LEAVE

അമ്പതോ അതിലധികമോ ജീവനക്കാരുള്ള ജോലിസ്ഥലത്ത് പ്രത്യേകമായോ മറ്റ് പൊതു സൗകര്യങ്ങൾക്കൊപ്പമോ ക്രെഷ് സൗകര്യം ഒരുക്കുന്നത് കേന്ദ്രസർക്കാർ നിർബന്ധമാക്കിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ലോക്സഭയിലെ ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം .

&&&&&&&&&&&&&&&&&&

## SYRIA-RUSSIA

സിറിയൻ തലസ്ഥാനമായ ഡമാസ്കസിൽ നിന്ന് റഷ്യ തങ്ങളുടെ നയതന്ത്രജ്ഞരെ ഒഴിപ്പിച്ചു. സിറിയയിലെ എയർ ബേസിൽ നിന്ന് റഷ്യൻ എയ്റോസ്പേസ് ഫോഴ്സിന്റെ വിമാനത്തിലാണ് നയതന്ത്ര ഉദ്യോഗസ്ഥരെ മോസ്കോയിലേക്ക് മാറ്റിയതെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## ZAKKIR HUSSAIN

ഇന്ത്യയുടെ ഇതിഹാസ തബല വിദ്വാൻ ഉസ്താദ് സാക്കിർ ഹുസൈന്റെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്ന് സാൻ ഫ്രാൻസിസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു ഉസ്താദ് സാക്കിർ ഹുസൈന്റെ അന്ത്യം.

&&&&&&&&&&&&&&&&&&

## CRICKET - IND VS AUS

ബോർഡർ ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. 44 റൺസ് എടുക്കുന്നതിനിടെ ഇന്ത്യക്ക് 4 വിക്കറ്റ് നഷ്ടമായി. മൂന്നാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യ, 17 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 51 റൺസ് എന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ ഓസീസ് 445 റൺസ് നേടിയിരുന്നു. മത്സരത്തിന്റെ ആദ്യ ദിനം മഴ കാരണം പൂർണ്ണമായി ഉപേക്ഷിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിൻറെ 117-ാാം പതിപ്പ് ഈ മാസം 29-ന്.

പരിപാടിയ്ക്കായുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഈ മാസം 27 വരെ സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാം.

&&&&&&&&&&&&&&&&&&

**SIVANKUTTY**

കേരളത്തിലെ പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ അർദ്ധ വാർഷിക പരീക്ഷാ ചോദ്യപേപ്പറിലെ ചില ഭാഗങ്ങൾ യുട്യൂബ് ചാനൽ വഴി ചോർന്ന സംഭവം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ആറ് അംഗ സമിതി അന്വേഷിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**IMD-WEATHER**

ജമ്മു-കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഒഡീഷ, സൗരാഷ്ട്ര, തെലങ്കാന എന്നിവിടങ്ങളിൽ വരുംദിവസങ്ങളിൽ ശക്തമായ ശീതതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത രണ്ട് ദിവസങ്ങളിൽ തമിഴ്നാട്, തീരദേശ ആന്ധ്രാപ്രദേശ്,

രായൽസീമ എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## LS- NAVODAYA

പിഎം ശ്രീ പദ്ധതിക്ക് കീഴിൽ 620 ജവഹർ നവോദയ വിദ്യാലയങ്ങൾ സർക്കാർ വികസിപ്പിക്കുമെന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നവോദയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമായി വർധിച്ചിട്ടുണ്ടെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ലോക്സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## LS- SAMADHAN

നടപ്പു സാമ്പത്തിക വർഷത്തിൽ സമാധാൻ പോർട്ടലിൽ തൊഴിലും തൊഴിൽ തർക്കങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 12,000 പരാതികളിൽ 7262 എണ്ണം തീർപ്പാക്കിയതായി കേന്ദ്ര തൊഴിൽമന്ത്രി മൻസുഖ് മാണ്ഡവ്യ. ലോക്സഭയിലെ ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ഗ്രാറ്റുവിറ്റി നിയമം, മിനിമം വേതന നിയമം തുടങ്ങി വിവിധ നിയമങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്ത 21000 ക്ലെയിമുകളിൽ 8815 എണ്ണം തീർപ്പാക്കിയതായും ഈ കാലയളവിൽ

പോർട്ടലിൽ ലഭിച്ച 8725 പൊതു പരാതികളിൽ 5000 എണ്ണം പരിഹരിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&**
**&&&&&&&&&&&&**
**&&&&&&&&**
**&&&&&&&**
**&&&&&&**
**&&&&**
**&&&**
**&&**
**&**